പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5456

25.10.2011ൽ മറുപടിക്ക്

## പട്ടയം ലഭിച്ച ഭൂമിയിലെ തടസ്സങ്ങൾ

ചോദ്യം

ശ്രീ.കെ.കെ.ജയചന്ദ്രൻ :

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) 1964-ലെയും 1993-ലെയും നിയമ പ്രകാരം ജനകീയ ഗവൺമെന്റുകൾ നൽകിയ പട്ടയങ്ങളിൽ പട്ടയക്കാരന് വീടുവയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനും പുറമെ മറ്റെന്തെങ്കിലും അവകാശം നൽകിയിരുന്നുവോ ; | (എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ റൂൾ 4 പ്രകാരവും 1993-ലെ കേരള ഭൂമി പതിവ് (1.1.1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) പ്രത്യേക ചട്ടങ്ങളിലെ റൂൾ 3 പ്രകാരവും വീട് വെയ്ക്കുന്നതിനും സ്വന്തമായി കൃഷിചെയ്യുന്നതിനും പുറമെ കടകൾ നിർമ്മിക്കുന്നതിനും പട്ടയങ്ങളിൽ അവകാശം നൽകിയിട്ടുണ്ട്. |
| (ബി) ഇപ്രകാരം പട്ടയം ലഭിച്ച ഭൂമിയിൽ വ്യാപാര സ്ഥാപനങ്ങൾ, ലോഡ്ജ്, റിസോർട്ട് എന്നിവ പണിയുന്നതിന് നിയമ പ്രകാരം എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ ; | (ബി) ഇപ്രകാരം പട്ടയം ലഭിച്ച ഭൂമിയിൽ വ്യാപാര സ്ഥാപനങ്ങൾ, ലോഡ്ജ്, റിസോർട്ട് എന്നിവ പണിയുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നില്ല. |
| (സി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ എങ്ങനെ പരിഹാരിക്കാനാണ് ആലോചിക്കുന്നത് ; വിശദാംശം നൽകുമോ ? | (സി) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ